ഉത്തരം

പഴയ കുന്നിൻമേൽ പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികളും ഒന്നും ഇല്ലാത്തതിനാൽ ഉടൻ മണ്ണു സംരക്ഷണ ഓഫീസുകൾ ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

കിളിമാന്നൂർ പഞ്ചായത്തിൽ പുതിയ മണ്ണ് സംരക്ഷണ ഓഫീസ്

1957 [3029] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാന്നൂർ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കിളിമാന്നൂർ പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികളും ഒന്നും ഇല്ലാത്തതിനാൽ മണ്ണു സംരക്ഷണ ഓഫീസുകൾ ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

പുളിമാത്തു പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1958 [3030] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ നിയോജക മണ്ഡലത്തിലെ പുളിമാത്തു പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെന്റ് ഇതുവരെയായി ഏറ്റെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുളിമാത്തു പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണ) വകുപ്പിൽനിന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നാവായിക്കുളം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1959 [3031] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ നിയോജക മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെന്റ് ഇതുവരെയായി ഏറ്റെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചുട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാവായിക്കുളം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണ) വകുപ്പിൽ നിന്നും ഏറെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളിക്കൽ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1960*[3032] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലെ എത്ര പാടശേഖരങ്ങളുടെ പുറം ചിറ സംരക്ഷണമാണ് ഗവൺമെൻറ് ഇതുവരെയായി ഏറെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പള്ളിക്കൽ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണ) വകുപ്പ് ഏറെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നഗരൂർ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറം ചിറ സംരക്ഷണം

1961 [3033] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ നഗരൂർ പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെൻറ് ഇതുവരെയായി ഏറെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണ) വകുപ്പ് ഏറെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly